**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3201** **01-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ പൊതുവിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പൊതുവിദ്യാഭ്യാസ നയം 2020, സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പാക്കുകയാണെങ്കിൽ പൊതുവിദ്യാഭ്യാസ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ദേശീയ വിദ്യാഭ്യാസ നിയമം 2020 മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ പൂർണമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് കേരളം തീരുമാനമെടുത്തിട്ടില്ല. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന, പ്രവേശന പ്രായം, ചെറിയ പ്രായത്തിലുള്ള തൊഴിൽ വിദ്യാഭ്യാസം, ചെറിയ ക്ലാസുകളിലെ പൊതു പരീക്ഷകൾ, സ്കൂൾ കോംപ്ലക്സ്, കേന്ദ്രീകൃതമായ സിലബസും പാഠപുസ്തകങ്ങളും എന്നിവയെ സംബന്ധിച്ച് നിലവിൽ അന്തിമമായി തീരുമാനം എടുത്തിട്ടില്ല. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നാളിതുവരെ ഉണ്ടായ നേട്ടങ്ങളെ പരിഗണിച്ച് അവ കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കേന്ദ്ര വിദ്യാഭ്യാസ നയത്തെ സാധൂകരിക്കുന്ന നാഷണൽ ടെക്സ്റ്റ്ബുക്ക്സ് വിത്ത് ലോക്കൽ ഫ്ലേവർ എന്ന ആശയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നുണ്ട്. പക്ഷെ, ഇക്കാര്യത്തിൽ കേരളം വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ചരിത്രവും, തനത് സംസ്കാരവും, വൈവിധ്യങ്ങളും, നാളിതുവരെ നേടിയ പുരോഗമനപരമായ കാഴ്ചപ്പാടുകളും ഒക്കെ പരിഗണിച്ചു കൊണ്ടുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാഷണൽ ടെക്സ്റ്റ് ബുക്ക് വിത്ത് ലോക്കൽ ഫ്ളേവർ എന്ന ആശയത്തോട് യോജിക്കാൻ കഴിയില്ല. |
| (സി) | കേന്ദ്ര നിയമത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾ ഉണ്ടോ; എങ്കിൽ അവ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (സി) | ദേശീയ വിദ്യാഭ്യാസനയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസനയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിരവധി ആയിട്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്.<br><br>1. സംസ്ഥാനത്തെ ഭൂരിഭാഗം ക്ലാസ് മുറികളും ആധുനിക സങ്കേതങ്ങൾ ഒരുക്കി സ്മാർട്ട് ക്ലാസുകളായി മാറ്റിയിട്ടുണ്ട്.<br><br>2. മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br><br>3. അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി വരികയാണ്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് ആറുമാസം നീണ്ടുനിൽക്കുന്ന അധ്യാപക പരിവർത്തന പരിപാടി എസ്.സി.ഇ.ആർ.ടി നടപ്പിലാക്കി. കൂടാതെ സർവീസിൽ പ്രവേശിച്ച പുതിയ അധ്യാപകർക്ക് ആറു ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ ശാക്തീകരണ പരിപാടി നടപ്പിലാക്കി വരുന്നു.<br><br>4. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.<br><br>5. വിവിധ പഠന പരിപോഷണ പദ്ധതികളായ നുമാറ്റ്സ്, സ്റ്റെപ്സ്, നുസെറ്റ്സ് (NuMATS, STEPS, NuSETS) എന്നിവ എസ്.സി.ഇ.ആർ.ടി നടപ്പിലാക്കി വരുന്നു.<br><br>6. ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br><br>7. സ്കൂളുകളിൽ നടക്കുന്ന മികവാർന്ന അക്കാദമിക പ്രവർത്തനങ്ങളെ ഡോക്യുമെന്റ് ചെയ്ത് പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>8. തിരഞ്ഞെടുത്ത കുട്ടികൾക്ക്, കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചും ഭരണഘടന മൂല്യങ്ങളെ സംബന്ധിച്ചുമുള്ള ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 9. ഓരോ കുട്ടിയെയും സൂക്ഷ്മമായി വിലയിരുത്തുന്നതിനും പഠന പിന്തുണ ഉറപ്പാക്കുന്നതിനും അനുയോജ്യമായ "സഹിതം" പോർട്ടൽ നടപ്പിലാക്കി.<br><br>10. സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>11. കോവിഡ് കാരണം ഉണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ ഇതിനോടകം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ